**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1702 05/12/2014-ൽ മറുപടിയ്ക്ക്

## ജൈവകൃഷി പ്രോത്സാഹിപ്പിക്കാനായി പദ്ധതി

ചോദ്യം
ശ്രീ. സി.ദിവാകരൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

ജൈവകൃഷി പ്രോത്സാഹിപ്പിക്കാനായി ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; എത്ര ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

പരമ്പരാഗത കൃഷി രീതികൾ, വളപ്രയോഗം, സംസ്ക്കരണം എന്നിവയെക്കുറിച്ചുള്ള അറിവുകൾ സംരക്ഷിക്കുകയും അവയുടെ മേന്മ വർദ്ധിപ്പിക്കുകയും ചെയ്ത് ജൈവകൃഷി കേരളത്തിൽ പ്രോത്സാഹിപ്പിക്കുന്നതിന് 10.02.2010 ലെ സ.ഉ(പി)39/2010/കൃഷി പ്രകാരം ഒരു ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. 2012-ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ 2013-14 ജൈവ കൃഷി പദ്ധതി ബോധവത്ക്കരണ പരിപാടികൾ നടപ്പാക്കിയും കർഷക ക്ലസ്റ്ററുകൾ രൂപീകരിച്ചും ഇക്കോഷോപ്പുകൾ സ്ഥാപിച്ചും വിപുലപ്പെടുത്തി ജില്ലയിലെ 41 പഞ്ചായത്തുകളിലായി 5215 കർഷകർക്ക് പരിശീലനം ലഭ്യമാക്കി. ജൈവ പച്ചക്കറി കൃഷി ചെയ്യുവാൻ 15-25 ഹെക്ടർ വിസ്തീർണ്ണത്തിൽ 287 ക്ലസ്റ്ററുകൾക്ക് രൂപം കൊടുത്തു. ക്ലസ്റ്ററുകൾ അടിസ്ഥാനമായി 15,500 കർഷകർ ജൈവകൃഷി ചെയ്യുന്നു. ഈ പദ്ധതിയിലൂടെ 423 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും 11,895 നാടൻ കമ്പോസ്റ്റ് യൂണിറ്റുകളും നിർമ്മിച്ച് 35,000 ടൺ ജൈവവളം ഉൽപാദിപ്പിച്ച് ജൈവകാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 6 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. 82 കർഷകരുടെ കൃഷിയിടങ്ങളിൽ ജൈവ കൃഷി മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിച്ചു. 2014-15 വർഷം ജില്ലയിൽ 2,500 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി സർട്ടിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2016 വർഷത്തോടെ

കേരളം ജൈവ സംസ്ഥാനമാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനം എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടിക്കൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതി പ്രകാരം ഹെക്ടറിന് 20,000/- രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10,000/- രൂപ അനുവദിക്കുന്നതാണ്. കൂടാതെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ജൈവ സർട്ടിഫിക്കേഷൻ എന്നിവയ്ക്ക് ധനസഹായം നൽകിവരുന്നു.

2014-15 സാമ്പത്തിക വർഷത്തിൽ ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും എന്ന ഘടകം നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടമായി 500 ഹെക്ടർ വീതം ഭൗതിക ലക്ഷ്യം കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകൾക്ക് നൽകുകയും ഇത് നടപ്പിലാക്കുന്നതിനായി 2063 കർഷകരെ തിരഞ്ഞെടുക്കുകയും ചെയ്തു.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. രാസവളങ്ങളുടേയും കീടനാശിനികളുടേയും അനിയന്ത്രിതമായ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യ ഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും നടത്തുന്നുണ്ട്. , 2012-13 സാമ്പത്തിക വർഷം സംസ്ഥാനമൊട്ടാകെ പതിനാല് ജില്ലകളിലായി 26 പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 1250 ഹെക്ടറിൽ ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 187.5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആറായിരത്തോളം കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്.

**സെക്ഷൻ ഓഫീസർ**